(ബി) എങ്കിൽ കൊട്ടിയൂർ, ഗുരുവായൂർ എന്നീ സ്ഥലങ്ങളിൽ നിന്നും തിരുനെല്ലിയിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഗുരുവായൂരിൽ നിന്നും നിലവിൽ ഒരു സർവ്വീസ് നടത്തുന്നുണ്ട്.

കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

164 [1421] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പത്ത് വർഷത്തിന് മുൻപ് എത്ര തൊഴിലാളികൾ ദിനേശ് ബീഡിയിൽ ജോലി ചെയ്തിരുന്നു; ഇപ്പോൾ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട്;

(സി) തൊഴിൽ ഇല്ലാതായവരെ പുനരധിവസിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബീഡി വ്യവസായരംഗത്തെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വ്യവസായ-വാണിജ്യ ഡയറക്ടർ ചെയർമാനായി ഒരു 12 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അതിന്റെ സിറ്റിംഗ് നടത്തി വരുന്നു.

(ബി) കേരള ദിനേശ് ബീഡി സഹകരണ സംഘത്തിൽ പത്ത് വർഷത്തിനു മുൻപ് 29183 തൊഴിലാളികൾ ജോലി ചെയ്തിരുന്നു. ഇപ്പോൾ 15500 തൊഴിലാളികൾ ഉണ്ട്.

(സി) ബീഡി വ്യവസായരംഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനായി വ്യവസായ-വാണിജ്യ ഡയറക്ടർ ചെയർമാനായി ഒരു 12 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. ദിനേശ് ബീഡി സഹകരണസംഘം ചെയർമാൻ ഉൾപ്പെടുന്ന ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബീഡി വ്യവസായം ഇപ്പോൾ നേരിടുന്ന പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനും തൊഴിൽ ഇല്ലാതായവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(14-7-2005*ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

ബയോടെക്നോളജിയുടെ സഹായത്തോടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

165 [178] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*
„ *കെ. ബി. ഗണേഷ്കുമാർ:*
„ *ജോണി നെല്ലൂർ:*
„ *ടി. എം. ജേക്കബ്:*
„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയുടെയും സഹകാര്യമേഖലയുടെയും, സഹകരണ മേഖലയുടെയും പങ്കാളിത്തത്തോടെ കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏത് മേഖലയുടെ സഹകരണത്തോടെയാണ് സുഗന്ധദ്രവ്യ വികസനത്തിന് സ്പൈസസ് ടെക്നോളജി മിഷൻ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കർഷകരുടേയും കാർഷിക മേഖലയുടേയും പുരോഗതിക്കായി പഞ്ചായത്ത് തലത്തിൽ എത്ര കാർഷിക ജൈവ സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോടെക്നോളജിയുടെ സഹായത്തോടെ സീഡ്ബാങ്കും, മണ്ണിരകൃഷിയും, സമഗ്രമായ മണ്ണ് സംരക്ഷണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ കാർഷിക വിളകൾ സംഭരിച്ച്, സംസ്കരിച്ച് തരംതിരിച്ച് വിപണനം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ മേഖലയിൽ 6 മൊത്ത വ്യാപാര വിപണികൾ പണിത് പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഈ വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം നടത്താവുന്നതും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇവിടെ സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് വേ ബ്രിഡ്ജിൽ തൂക്കം നോക്കാവുന്നതാണ്. 6 മൊത്ത വ്യാപാര വിപണികൾ ദിവസേന ഏകദേശം 1000 മെട്രിക് ടണ്ണിനും 2500 മെട്രിക് ടണ്ണിനുമിടയിൽ

*(14-7-2005-ന് പി. കെ. വാസുദേവൻ നായരുടെ നിര്യാണം സംബന്ധിച്ച് സഭ സമ്മേളിക്കാതിരുന്നതിനാൽ അന്നത്തേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.)

LIBRARY ARCHIVES Kerala Legislative Assembly